"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന് കീഴിലുള്ള അംഗ ഗ്രന്ഥശാലകളിലെ ലൈബ്രേറിയൻമാരുടെ ലൈബ്രേറിയൻ അലവൻസ് 2018-19 വർഷം വർദ്ധിപ്പിച്ച നിരക്കിൽ നൽകിയ കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ സെക്രട്ടറിയുടെ നടപടി സാധൂകരിച്ചും, 2019-20 വർഷത്തേയ്ക്ക് വർദ്ധനവ് അനുവദിച്ചും ഉത്തരവാകുന്നു.

ഉന്നത വിദ്യാഭ്യാസ (എ) വകുപ്പ്

സ.ഉ.(സാധാ) നം.434/2020/ഉ.വി.വ തീയതി,തിരുവനന്തപുരം, 16/03/2020

പരാമർശം:- 1. 11-01-18 ലെ സ.ഉ.(സാധാ) നം. 82/2018/ഉവിവ നം. സർക്കാർ ഉത്തരവ്

2. 10-5-2018 ലെ സ.ഉ.(സാധാ) നം. 933/2018/ഉവിവ നം. സർക്കാർ ഉത്തരവ്

3. 26-12-2018 ലെ സ.ഉ.(സാധാ) നം.2308/2018/2018/ഉവിവ

നം. സർക്കാർ ഉത്തരവ്

4. കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ സെക്രട്ടറിയുടെ 20-7-2019, 5-11-19, തീയതികളിലെ ഇ2-1955-16 നം. കത്തുകൾ

**ഉത്തരവ്**

പരാമർശം (1), (2), (3) സർക്കാർ ഉത്തരവുകൾ പ്രകാരം കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള എ+ ഗ്രേഡിലുള്ള ലൈബ്രറികളിലെ ലൈബ്രേറിയന്മാർക്ക് പ്രതിമാസം 3000 രൂപയും "എ, ബി, സി" ഗ്രേഡിലെ ലൈബ്രറികളിലെ ലൈബ്രേറിയന്മാർക്ക് പ്രതിമാസം 2,500/- രൂപ വീതവും, "ഡി, ഇ, എഫ്" ഗ്രേഡിലുള്ള ലൈബ്രേറിയന്മാർക്ക് 2,250/- രൂപ വീതവുമാണ് ലൈബ്രേറിയൻ അലവൻസ് അനുവദിച്ചിട്ടുള്ളത്. കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ 2018-19 വർഷത്തെ ബഡ്ജറ്റ് പ്രകാരം എ +, എ , ബി , സി , ഡി , ഇ , എഫ് ഗ്രേഡിലുള്ള ലൈബ്രറിയിലെ ലൈബ്രേറിയന്മാരുടെ അലവൻസിൽ പ്രതിമാസം 100 രൂപ വർദ്ധനവ് വരുത്തുവാൻ നിശ്ചയിച്ച സാഹചര്യത്തിൽ, സർക്കാർ അനുമതി പ്രതീക്ഷിച്ചുകൊണ്ട് 2018-19 വർഷം എ + ഗ്രേഡിലുള്ള ഗ്രന്ഥശാലകളിലെ ലൈബ്രേറിയൻ അലവൻസായി പ്രതിമാസം 3100/- രൂപയും എ , ബി , സി ഗ്രേഡിലുള്ള ഗ്രന്ഥശാലകളിലെ ലൈബ്രേറിയൻ അലവൻസായി പ്രതിമാസം 2600/- രൂപയും , ഡി , ഇ , എഫ് ഗ്രേഡിലുള്ള ഗ്രന്ഥശാലകളിലെ ലൈബ്രേറിയൻ അലവൻസായി പ്രതിമാസം 2350/- രൂപയും നൽകിവരുന്നുണ്ടെന്നും , ടി നടപടി സാധൂകരിക്കണമെന്നും, കൂടാതെ 2019-20 വർഷത്തെ സർക്കാർ ബഡ്ജറ്റിൽ കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന് കീഴിലുള്ള ലൈബ്രറികളിലെ ലൈബ്രേറിയന്മാരുടെ അലവൻസിൽ പ്രഖ്യാപിച്ചിട്ടുള്ള 20 ശതമാനം വർദ്ധനവ് അനുവദിച്ച് നൽകണമെന്നും കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ സെക്രട്ടറി പരാമർശം(4) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ **കേരള സ്റ്റേറ്റ്** ലൈബ്രറി കൗൺസിലിന്റെ 2018-19 വർഷത്തെ ബഡ്ജറ്റിൽ നിശ്ചയിച്ച പ്രകാരം എ +, എ , **ബി** , **സി** , ഡി , ഇ , എഫ് ഗ്രേഡിലുള്ള ലൈബ്രറിയിലെ ലൈബ്രേറിയന്മാരുടെ അലവൻസിൽ **സർക്കാർ** അനുമതിയില്ലാതെ പ്രതിമാസം 100 രൂപ വർദ്ധനവ് അനുവദിച്ച നൽകിയ കേരള സ്റ്റേറ്റ് **ലൈബ്രറി** കൗൺസിൽ സെക്രട്ടറിയുടെ നടപടി സാധൂകരിച്ചുകൊണ്ടും, ലൈബ്രേറിയന്മാരുടെ **അലവൻസിൽ** 2019-20 വർഷത്തെ സർക്കാർ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള 20% വർദ്ധനവ് **അനുവദിച്ചുകൊണ്ടും** ഉത്തരവാകുന്നു.

3. വർദ്ധനവ് നല്കുന്നതിനാവശ്യമായ തുക കൗൺസിലിന്റെ തനതു ഫണ്ടിൽ നിന്നും വിനിയോഗിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ **പ്രകാരം**)
**RAJESHKUMAR.K.K.**
**അണ്ടർ സെക്രട്ടറി**

സെക്രട്ടറി, കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ

ജില്ലാ ട്രഷറി ഓഫീസർ , തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.

ധനകാര്യ വകുപ്പ് (26-02-2020 ലെ EDN-B2/95/2017-FIN പ്രകാരം)

http://www.highereducation.kerala.gov.in

സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**